പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 175

22.01.2014 - ൽ മറുപടിക്ക്

# വിദ്യാഭ്യാസ വായ്പ അനുവദിയ്ക്കുന്നതിനുള്ള ബാങ്കുകളുടെ വൈമുഖ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. സി.കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ അനുവദിച്ച് നൽകുന്ന കാര്യത്തിൽ ബാങ്കുകൾ വൈമുഖ്യം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനത്ത് ഒരു ബാങ്കിങ്ങ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സ്റ്റേറ്റ് ലെവൽ ബാങ്കിങ്ങ് കമ്മിറ്റി വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | (സി) | ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാതൃകാ വിദ്യാഭ്യാസ വായ്പാ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പഠിച്ച്, അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കാനാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി നിർദ്ദേശം നൽകിയിട്ടുള്ളത്. |

(---------2)

| | | | |
|---|---|---|---|
| (ഡി) | യോഗ്യതാപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 60% മാർക്ക് ലഭിച്ചവർക്ക് മാത്രമേ വിദ്യാഭ്യാസ വായ്പയ്ക്ക് അർഹതയുള്ളൂ എന്ന വ്യവസ്ഥ സ്റ്റേറ്റ് ലെവൽ ബാങ്കിങ്ങ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ ; | (ഡി) | യോഗ്യതാ പരീക്ഷ/ തിരഞ്ഞെടുപ്പ് പ്രക്രിയ/ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് മാത്രമേ വിദ്യാഭ്യാസ പദ്ധതിപ്രകാരം വായ്പ ലഭ്യമാകുകയുള്ളൂ. ഇതിന് 60% മാർക്ക് എന്ന മാനദണ്ഡം ബാധകമല്ല. എന്നാൽ മെറിറ്റടിസ്ഥാനത്തിലല്ലാതെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്ക് അതാതു ബാങ്കുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചേ (മാർക്ക് ഉൾപ്പെടെ) വിദ്യാഭ്യാസ വായ്പ ലഭിക്കുകയുള്ളൂ. |
| (ഇ) | വായ്പ വിതരണത്തിൽ ഉദാരസമീപനം സ്വീകരിക്കുവാൻ ബാങ്കുകളെ ഏതെല്ലാം വിധത്തിൽ നിർബന്ധിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) | സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ സർക്കാർ പ്രതിനിധികൾ പങ്കെടുക്കുകയും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമായ വിദ്യാഭ്യാസ വായ്പകൾ സമയപരിധിക്കുള്ളിൽ അനുവദിക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. കൂടാതെ വായ്പകൾ അനുവദിക്കുന്നില്ലെന്ന വ്യക്തിപരമായ പരാതികൾ ലഭിക്കുമ്പോൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ